2. കാര്യക്ഷമവും സ്ഥായിയായതും ചെലവ് കുറഞ്ഞതുമായ പുതുസംരംഭങ്ങളും ആശയങ്ങളും രൂപീകരിക്കുന്നതിനായി കേരളാ സ്റ്റേറ്റ് ഇന്നവേഷൻ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്.

3. സംരംഭകത്വ വികസനത്തിനുവേണ്ടി മാത്രം സംസ്ഥാന വാർഷിക ബഡ്ജറ്റിന്റെ ഒരു ശതമാനം നീക്കിവച്ച ആദ്യ സംസ്ഥാനമാണ് കേരളം.

4. യുവതലമുറയിൽ സംരംഭകത്വ താൽപ്പര്യം ജനിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി നേതൃത്വ പരിശീലന പരിപാടി, റാസ്പ്ബെറി പൈ പ്രോഗ്രാം, അന്തർദേശീയ സംരംഭകത്വ എക്സ്ചേഞ്ച് പരിപാടി, സ്റ്റാർട്ടപ്പ് ബൂട്ട് ക്യാമ്പ്, സ്റ്റാർട്ടപ്പ് ബോക്സ് ക്യാമ്പയിൻ, സ്റ്റാർട്ടപ്പ് ഐ 3 തുടങ്ങിയ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

5. ടെക്നോളജി ഇന്നവേഷൻ ഹബ് സ്ഥാപിക്കുന്നതിനായി കളമശ്ശേരിയിൽ 13.20 ഏക്കർ സ്ഥലം ഏറ്റെടുത്ത് പ്രവർത്തനം പുരോഗമിച്ചുവരുന്നു.

6. തിരുവനന്തപുരം ടെക്നോപാർക്കിലും കളമശ്ശേരിയിലെ ടെക്നോളജി ഇന്നവേഷൻ സോണിലും ഫാബ് ലാബുകളും 20 കോളേജുകളിൽ മിനി ഫാബ് ലാബുകളും സ്ഥാപിച്ചു.

7. എറണാകുളം ഇൻഫോപാർക്കിൽ 10,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള സ്റ്റാർട്ടപ്പ് വെയർഹൗസ് സ്ഥാപിച്ചു.

8. ഇൻകുബേഷൻ കഴിഞ്ഞ കമ്പനികൾക്ക് അവയുടെ വികസനത്തിനായി ടെക്നോളജി ബിസിനസ്സ് ആക്സിലറേറ്ററുകൾ കിൻഫ്രയുടെ ഫിലിം ആന്റ് വീഡിയോ പാർക്കിൽ സ്ഥാപിച്ചു.

പൊതുമേഖലയിലെ വ്യവസായ സ്ഥാപനങ്ങൾ

184(2386) ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു :
ശ്രീ. മാത്യു റ്റി.തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമേഖലയിൽ എത്ര വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് ;അവ ഏതെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അവയിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്നവ ലാഭകരമാക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിൽ 43 പൊതുമേഖലാ സ്ഥാപനങ്ങളും ഒരു സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുമടക്കം 44 സ്ഥാപനങ്ങളാണ് നിലവിൽ പ്രവർത്തിക്കുന്നത്. കമ്പനികളുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ നഷ്ടം കുറയ്ക്കുന്നതിനും ലാഭകരമാക്കുന്നതിനുമായി ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തനം വിശദമായി പരിശോധിച്ച് മികവുറ്റ ഉൽപ്പാദന സംവിധാനങ്ങളും കാലാനുസൃതമായ സാങ്കേതികവിദ്യ നടപ്പിലാക്കിയും കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനത്തിലൂടെയും ആവശ്യമായ ധനസഹായം നൽകിയും സ്ഥാപനങ്ങളുടെ പുരോഗതി ലക്ഷ്യമിടുന്ന നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇതോടൊപ്പംതന്നെ വിപണി വിപുലീകരിക്കുന്നതിനും ഉൽപ്പാദനം കൂട്ടുന്നതിനും ആവശ്യമായ നടപടികളും സ്വീകരിച്ചുവരുന്നു. നൂതനമായ സാങ്കേതികവിദ്യകൾ നടപ്പിലാക്കുക മുഖേന ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്കരണത്തിലൂടെ കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനും കാലപ്പഴക്കംചെന്ന മെഷിനറികളുടെ നവീകരണം നടപ്പിലാക്കിയും സ്ഥാപനങ്ങളെ പ്രവർത്തനക്ഷമമാക്കുന്ന നടപടികളും സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന ദീർഘ/ഹ്രസ്വകാല പദ്ധതികൾക്ക് ഇതുവരെ ഈ സർക്കാർ ഏകദേശം 839.90 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

ടാവൻകൂർ സിമന്റ്സ്

185(2387) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടാവൻകൂർ സിമന്റ്സ് ലിമിറ്റഡിന്റെ നിലവിലെ അവസ്ഥ ലാഭകരമാണോയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്ഥാപനം ലാഭകരമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നാണ് വാഗ്ദാനം ചെയ്തത്; വ്യക്തമാക്കുമോ; ആയത് നടപ്പിലാക്കിയിട്ടുണ്ടോ ;

(സി) പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സഹായം ആവശ്യപ്പെട്ടിരുന്നുവോ ; പ്രസ്തുത സഹായം നല്കാൻ സാദ്ധ്യമായിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly